# ആരോഗ്യ കേരളം

2022 ആഗസ്റ്റ്

വാർത്താപത്രിക

AROGYAKERLAM NEWS LETTER

follow us on /arogyakeralam https://arogyakeralam.gov.in


# ആർദ്ര കേരളം പുരസ്കാരം വിതരണം ചെയ്തു



തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ പുരസ്കാര വിതരണം നിർവ്വഹിക്കുന്നു

തിരുവനന്തപുരം: ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ 2020-21 ലെ തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള ആർദ്രകേരളം പുരസ്കാരം വിതരണം ചെയ്തു. കേരള സർവ്വകലാശാല സെനറ്റ് ഓഡിറ്റോറിയത്തിൽ നടന്ന പുരസ്കാര വിതരണം തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു. കൊവിഡ് മഹാമാരിയിലും ഒരു കേരള മോഡൽ ലോകത്തിന് മുന്നിൽ കാഴ്ചവെക്കാൻ സാധിച്ചത് നമ്മുടെ ആരോഗ്യസംവിധാനത്തിന്റെ അടിത്തറ ശക്തമായതിനാലാണ്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യമേഖലയിൽ നടത്തിവരുന്ന ഇടപെടലും പ്രശംസനീയമാണ്, മന്ത്രി പുരസ്കാര വിതരണ വേളയിൽ പറഞ്ഞു.

കൊല്ലം ജില്ലാ പഞ്ചായത്ത്, കൊല്ലം കോർപറേഷൻ, പിറവം മുനിസിപ്പാലിറ്റി(എറണാകുളം), മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്(തൃശ്ശൂർ ജില്ല), നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല) എന്നീ തദ്ദേശ സ്ഥാപനങ്ങളാണ് സംസ്ഥാനതലത്തിൽ ഒന്നാമതായത്.

2012-13 മുതൽ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ആർദ്രകേരളം പുരസ്കാരം നൽകിവരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളെ പുരസ്കാരത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും മറ്റ് മാർഗരേഖകളും ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ വിദഗ്ധരെ പങ്കെടുപ്പിച്ച് കാലാനുസൃതമായി പരിഷ്കരിച്ചു വരികയാണ്.

ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെയാണ് പുരസ്കാരം നൽകുന്നതിനായി പരിഗണിക്കാവുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്. തദ്ദേശഭരണഭരണ സ്ഥാപനങ്ങൾ ആരോഗ്യമേഖലയിൽ ചെലവഴിച്ച തുക, സാന്ത്വനപരിചരണ പരിപാടികൾ, കായകൽപ്, മറ്റ് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ച്, മുൻഗണനാ പട്ടിക തയ്യാറാക്കിയാണ് പുരസ്കാരത്തിനായി തെരഞ്ഞെടുക്കുന്നത്. ഇത് കൂടാതെ പ്രതിരോധ കുത്തിവെപ്പ്, വാർഡുതല പ്രവർത്തനങ്ങൾ മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾ, നടപ്പിലാക്കിയ നൂതനമായ ആശയങ്ങൾ, പൊതു സ്ഥലങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയും പുരസ്കാരത്തിനായി പരിഗണിക്കും.

പരിപാടിയുടെ ഭാഗമായി സെനറ്റ് ഹാളിൽ ഐ ഇ സി എക്സിബിഷൻ ഒരുക്കി. തൃശൂർ ആശാപ്രവർത്തകരുടെ നേതൃത്വത്തിൽ ചെണ്ടമേളയും അരങ്ങേറി.

ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയായി. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഡി സുരേഷ്കുമാർ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, എൻ എച്ച് എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, ഐ എസ് എം ഡയറക്ടർ ഡോ. കെ എസ് പ്രിയ, ഹോമിയോപ്പതി ഡയറക്ടർ ഡോ എം എൻ വിജയാംബിക, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ പി പി പ്രീത, ജനപ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## നഗരം കാണാൻ ഓപ്പൺ ഡബ്ബിൾ ഡെക്കർ ബസ്

തിരുവനന്തപുരം: ആർദ്രകേരളം പുരസ്കാരം മികവിന് മാറ്റു കൂട്ടാൻ സൗജന്യ ഡബ്ബിൾ ഡെക്കർ ബസ് യാത്രയും ആരോഗ്യകേരളത്തിന്റെ നേതൃത്വത്തിൽ ഒരുക്കിയിരുന്നു. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ജനപ്രതിനിധികളും പരിപാടിയുടെ ഭാഗമായി തലസ്ഥാന നഗരിയിലെത്തിയിരുന്നു. ഇവർക്ക് നഗരത്തിലെ പ്രധാന കേന്ദ്രങ്ങൾ കാണുന്നതിനും കാഴ്ചകൾ ആസ്വദിക്കുന്നതിനുമാണ് ബസ് സൗകര്യം ഏർപ്പെടുത്തിയത്. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് മുന്നിൽ നടന്ന ചടങ്ങിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. പി പി പ്രീത ഫ്ലാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു.

ക്ലബ്ബ് എഫ് എമ്മുമായി സഹകരിച്ചാണ് ഓപ്പൺ ഡബ്ബിൾ ഡെക്കർ ബസ് യാത്ര നടത്തിയത്. ബസിൽ കയറുന്നവർക്കായി മത്സരങ്ങളും ഒരുക്കിയിരുന്നു.






അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിന് മുലയൂട്ടൽ അനിവാര്യം

# മുലയൂട്ടി ഉറപ്പിക്കാം സ്നേഹബന്ധം

ആഗസ്റ്റ് 01 - 07 മുലയൂട്ടൽ വാരാചരണം

# കാൻസറിനെ പ്രതിരോധിക്കാൻ കർമപദ്ധതിയുമായി മലപ്പുറം ജില്ല

**സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ബോധവത്കരണ പ്രവർത്തനം ശക്തിപ്പെടുത്തും**

മലപ്പുറം: കാൻസറിനെ പ്രതിരോധിക്കാൻ സമഗ്ര കർമപദ്ധതി തയ്യാറാക്കി മലപ്പുറം ജില്ല. ജില്ല കലക്ടർ വി ആർ പ്രേംകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ കാൻസർ പ്രതിരോധ സമിതി യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനമുണ്ടായത്. ഇതിനായി പ്രത്യേക കർമപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. കാൻസർ ചികിത്സ സൗകര്യം വർധിപ്പിക്കുതിനാവശ്യമായ നടപടി സ്വീകരിക്കാനും യോഗം തീരുമാനിച്ചു. ആശവർക്കർമാർ, കുടുംബശ്രീ അംഗങ്ങൾ, ഡോക്ടർമാർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകും. ആദ്യഘട്ടത്തിൽ ബ്ലോക്ക് തലത്തിൽ പരിശീലനം നൽകും. പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി വാർഡ്തലത്തിലും പരിപാടികൾ നടത്തും. സ്കൂൾ, കോളജ് കേന്ദ്രീകരിച്ച് ബോധവത്കരണ പ്രവർത്തനം ശക്തിപ്പെടുത്തും.

കാൻസർ പ്രതിരോധം ലക്ഷ്യമിട്ട് രൂപീകരിച്ചതാണ് ജില്ലാ കാൻസർ പ്രതിരോധ സമിതി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായ സമിതിയുടെ ചെയർമാൻ ജില്ല കലക്ടറാണ്. ഡിഎംഒ കൺവീനറും കാൻസർ പ്രതിരോധ കേന്ദ്രത്തിന്റെ തലവൻ കോകൺവീനറുമാണ്. ജില്ലാ പ്രോഗ്രാം മാനേജർ, സ്വകാര്യ കാൻസർ ചികിത്സാ സൗകര്യമുള്ള ആശുപത്രിയിലെ പ്രതിനിധി, സ്വകാര്യ ആശുപത്രി ഉടമകളുടെ പ്രതിനിധി, ലാബ് അസോസിയേഷൻ പ്രതിനിധി, സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ല മേധാവി, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, പാലിയേറ്റീവ് കെയർ സംഘത്തിന്റെ പ്രതിനിധി, കാൻസർ അതിജീവകർ എന്നിവരാണ് സമിതിയിലുള്ളത്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുഖേന രോഗനിർണയവും താലൂക്ക് ആശുപത്രികൾ മുഖേന രോഗപരിശോധനയും ജില്ലാആശുപത്രികൾ മുഖേന കാൻസർ തുടർ ചികിത്സ ഏകോപിപ്പിക്കാനും തീരുമാനമായി. വാർഡുതലത്തിൽ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുക, വീട് തോറും ലഘുലേഖകൾ വിതരണം, ആശാ പ്രവർത്തകരുടെ നേതൃത്വത്തിൽ കാൻസർ സർവേ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ക്യാൻസർ ബോധവത്ക്കരണ പരിപാടികൾ ജില്ലയിൽ നടത്തും.

# കരൾ പകർന്നു നൽകി ആശാ പ്രവർത്തക

## കോട്ടയം മെഡിക്കൽ കോളേജിലെ രണ്ടാമത്തെ കരൾമാറ്റ ശസ്ത്രക്രിയയും വിജയകരം

കോട്ടയം: ലിവർ സിറോസിസ് ബാധിതനായ സഹോദരന് കരൾ പകുത്തുനൽകി ആശാ പ്രവർത്തക. രോഗം ബാധിച്ച് ഏറെ നാളായി വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന കോട്ടയം തലയോലപറമ്പ് സ്വദേശി രഞ്ദീപിന് സഹോദരിയും ആശാ പ്രവർത്തകയുമായ ദീപ്തിയാണ് കരൾ നൽകിയത്. ഇതോടെ കോട്ടയം മെഡിക്കൽ കോളേജിൽ നടന്ന രണ്ടാമത്തെ കരൾമാറ്റ ശസ്ത്രക്രിയ വിജകരമായി പൂർത്തിയാക്കി.



കോട്ടയം മെഡിക്കൽ കോളേജിൽ ഒരു വർഷം മുമ്പാണ് രഞ്ദീപ് ചികിത്സ തേടി എത്തിയത്. കൊച്ചി അമൃത ആശുപത്രിയുമായി സഹകരിച്ച് മെഡിക്കൽ കോളേജ് ഗ്യാസ്ട്രോ സർജറി വിഭാഗം മേധാവി ഡോ. ആർ. എസ് സിന്ധുവിന്റെ നേതൃത്വത്തിലാണ് കരൾ മാറ്റ ശസ്ത്രക്രിയ പൂർത്തീകരിച്ചത്. ശസ്ത്രക്രിയക്കു ശേഷം രഞ്ദീപിനെയും ദീപ്തിയെയും ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് സന്ദർശിക്കുകയും മെഡിക്കൽ ടീമിനെ അനുമോദിക്കുകയും ചെയ്തു. ജില്ലയിലെ ആശാപ്രവർത്തകരിൽ സജീവ സാന്നിധ്യമാണ് ദീപ്തി. സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിൽ ആദ്യമായി ശസ്ത്രക്രിയ നടന്നതും കോട്ടയം മെഡിക്കൽ കോളേജിലായിരുന്നു.



# തോട്ടം തൊഴിലാളികൾക്ക് മികച്ച ചികിത്സ സൗകര്യം

**മൂപ്പൈനാട് ആശുപത്രിക്ക് പുതിയ കെട്ടിടം**

കൽപ്പറ്റ: തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ സർക്കാർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം. വർഷങ്ങളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവന്ന ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറിയതോടെ തോട്ടം തൊഴിലാളികളുടെ ദീർഘകാല ആവശ്യം നിറവേറുകയാണ്. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു.

സംസ്ഥാന സർക്കാരിന്റെ ആർദ്രം ദൗത്യം മൂന്നാം ഘട്ടത്തിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ആതുരാലയമാണ് മൂപ്പൈനാട്. കുടുംബാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ എല്ലാവിധ സൗകര്യങ്ങളോടും കൂടിയാണ് പുതിയ കെട്ടിട നിർമ്മാണം. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് രണ്ടു നിലകളിലായി 6966.614 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലാണ് പുതിയ കെട്ടിടം. താഴെ നിലയിൽ 4348.654 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിലായി ഒ.പി ടിക്കറ്റ് കൗണ്ടർ, പ്രീ ചെക്കപ്പ് മുറി, 3 ഒ.പി റൂമുകൾ, കാത്തിരിപ്പ് സ്ഥലം, മുലയൂട്ടൽ കേന്ദ്രം, കുത്തിവെപ്പ് ഏരിയ, അന്വേഷണം- രജിസ്ട്രേഷൻ- റെക്കോർഡ് റൂം, ഡ്രസ്സിങ് റൂം, മൈനർ ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി, നഴ്സസ് സ്റ്റേഷൻ, ഫാർമസി, മരുന്ന് സൂക്ഷിക്കുന്ന മുറി, ഇഞ്ചക്ഷൻ റൂം, ടോയ്‌ലറ്റ് ബ്ലോക്ക്, നിരീക്ഷണ മുറി, സ്ത്രീ- പുരുഷ ജീവനക്കാർക്ക് പ്രത്യേകം വസ്ത്രം മാറാനുള്ള മുറികൾ, നെബുലൈസേഷൻ കോർണർ, ശ്വാസ്/ആശ്വാസ്/പാലിയേറ്റീവ് റൂം എന്നിവയുണ്ട്. ഒന്നാമത്തെ നിലയിൽ ഓഫീസ് മുറി, ഫീൽഡ് ജീവനക്കാരുടെ മുറി, കോഫറൻസ് ഹാൾ എന്നിവ 2617.96 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ ഒരുങ്ങി.

ദേശീയ ആരോഗ്യ ദൗത്യം ആശുപത്രി നിർമാണത്തിനായി ഒരു കോടി രൂപ അനുവദിച്ചു. തീരദേശ വികസന കോർപ്പറേഷനാണ് നിർമാണ ഏജൻസി. സ്വകാര്യ ആശുപത്രികളെയും മറ്റും ആശ്രയിച്ചിരുന്ന ഇവർക്ക് ഏറെ പ്രതീക്ഷയാണ് ഈ ആരോഗ്യകേന്ദ്രം നൽകുന്നത്.



# ഇവിടെ 'ഈഡിസിന് ഇടമില്ല'

**ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനവുമായി ആലപ്പുഴ ജില്ല**

ആലപ്പുഴ: ഡെങ്കിപ്പനിപ്പനിയെ പ്രതിരോധിക്കുന്നതിന് കൊതുകുകളുടെ ഉറവിട നശീകരണ പ്രവർത്തനം ഊർജ്ജിതമാക്കാൻ ഈഡിസിന് ഇടമില്ല കാമ്പയിനുമായി ആരോഗ്യവകുപ്പ്. ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ സ്കൂൾ വിദ്യാർഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്. ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കലവൂരിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി. രാജേശ്വരി ഉദ്ഘാടനം നിർവ്വഹിച്ചു.

ജില്ലയിലെ ആയിരത്തി അഞ്ചൂറോളം വരുന്ന ഹൈസ്കൂളുകളാണ് ക്യാമ്പയിനിന്റെ ഭാഗമായത്. എല്ലാ വെള്ളിയാഴ്ചയും കൊതുകുകളുടെ ഉറവിട നശീകരണത്തിന്റെ പ്രാധാന്യം വെളിവാക്കുന്ന വ്യത്യസ്ത പരിപാടികളാണ് സ്കൂളുകളിൽ നടത്തുന്നത്. വിദ്യാർഥികൾക്ക് ഉറവിട നശീകരണത്തിന്റെ പ്രാധാന്യവും ബന്ധപ്പെട്ട ആശയങ്ങളും മനസ്സിലാക്കുന്നതിനായി ജില്ലാ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ പാഠം മൊഡ്യൂളുകളും തയ്യാറാക്കിയിട്ടുണ്ട്. അധ്യാപകർ മൊഡ്യൂൾ അനുസരിച്ച് വെള്ളിയാഴ്ച ദിവസം കുട്ടികൾക്ക് ക്ലാസുകൾ നൽകും. അസംബ്ലിയിൽ ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നതിനുള്ള പ്രതിജ്ഞയും കുട്ടികൾ ഏറ്റുചൊല്ലും. തുടർന്നുള്ള വെള്ളിയാഴ്ച സ്കൂൾ പ്രതിനിധികൾ ഉറവിട നശീകരണവുമായി ബന്ധപ്പെട്ട് ചെയ്ത മാതൃകാപരമായ പ്രവർത്തനങ്ങൾ സ്കൂൾ അസംബ്ലിയിൽ റിപ്പോർട്ടായി അവതരിപ്പിക്കും. ഒഴിവു ദിവസങ്ങളിൽ വീടുകളിലും ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർഥികളെ ബോധവന്മാരാക്കി




# ഒ. ആർ. എസ് ദിനം ആചരിച്ചു

പാലക്കാട് : ജലജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനും ബോധവൽക്കരണത്തിനുമായി ഒ ആർ എസ് വാരാചരണം സംഘടിപ്പിച്ചു. കുഴൽമന്നം സാമൂഹികാരോഗ്യകേന്ദ്രത്തിൽ നടന്ന പരിപാടി എം എൽ എ കെ ഡി പ്രസേനൻ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കായി ആരംഭിച്ച പ്രത്യേക വാർഡിന്റെ ഉദ്ഘാടനവും പ്രസ്തുത ചടങ്ങിൽ അദ്ദേഹം നിർവ്വഹിച്ചു. ബെത് കുട്ടികൾക്കുള്ള കിടത്തി ചികിത്സ സൗകര്യവും കളിസ്ഥലവുമാണ് വാർഡിൽ ഒരുക്കിയിട്ടുള്ളത്.

അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണങ്ങളിൽ പ്രധാന കാരണമാണ് വയറിളക്കരോഗങ്ങൾ. രോഗത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഹൈസ്കൂൾ, ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി പ്രബന്ധ മത്സരവും നടത്തി. ജില്ലയിൽ ഒറ്റപ്പെട്ട മഴ തുടരുന്ന സാഹചര്യത്തിൽ പ്രത്യേക പ്രാധാന്യം നൽകിയാണ് ഇത്തവണ ഒ ആർ എസ് ദിനം ആചരിച്ചത്. കോളറ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് –എ, ഇ, എലിപ്പനി തുടങ്ങിയ ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കാൻ സാധ്യതയുള്ള സാഹചര്യത്തിൽ വലിയ പ്രാധാന്യമാണ് ആരോഗ്യവകുപ്പ് ഒ ആർ എസ് ദിനത്തിന് നൽകിയത്.

ഒ ആർ എസ് നൽകുന്നത് രോഗിയുടെ ശരീരത്തിലെ ജലാംശവും ലവണാംശവും ഒരു പരിധിക്കപ്പുറം നഷ്ടപ്പെടാതിരിക്കാൻ സഹായിക്കുന്നു. ഡോക്ടറുടെയോ ആരോഗ്യ പ്രവർത്തകരുടെയോ നിർദ്ദേശാനുസരണം കൃത്യമായ അളവിലും ഇടവേളകളിലും ഒ ആർ എസ് ലായനി നൽകേണ്ടതാണ്. അമിതമായ വയറിളക്കം, അമിത ദാഹം, നിർജലീകരണം, വരണ്ട വായും നാക്കും തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ എത്രയും പെട്ടെന്ന് ഡോക്ടറുടെ സേവനം തേടേണ്ടതാണ്.

**ഒ ആർ എസ് പാനീയ ചികിത്സ എങ്ങനെ?**

90 ശതമാനം വയറിളക്ക രോഗങ്ങളും പാനീയ ചികിത്സ കൊണ്ട് വീട്ടിൽ തന്നെ ഭേദമാക്കാൻ കഴിയും. ഇതു വഴി നിർജലീകരണവും അതുവഴിയുണ്ടാകുന്ന മരണങ്ങളും കുറയ്ക്കാൻ സാധിക്കും. ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം, ഉപ്പും പഞ്ചസാരയും ചേർത്ത നാരങ്ങാ വെള്ളം, ഉപ്പിട്ട മോരും വെള്ളം തുടങ്ങിയ ഗൃഹ പാനീയങ്ങൾ പാനീയ ചികിത്സയ്ക്ക്ഉപയോഗിക്കാവുന്നതാണ്.





# ആർദ്ര കേരളം
## പുരസ്കാര വിതരണം





























2022 ജൂലൈ 14
കേരള സർവ്വകലാശാല
സെനറ്റ് ഓഡിറ്റോറിയം







